**C 60251** (Pages : 2) Name..................................

Reg. No..................................

# SIXTH SEMESTER B.A. DEGREE EXAMINATION
## MARCH 2019

(CUCBCSS)

Malayalam

MAL 6B 12—GADHYA SAHITHYAM

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'ഗുരുവും ശിഷ്യനും' എന്ന കൃതിയിൽ നിത്യചൈതന്യയതി ഗുരുവെന്നു വിശേഷിപ്പിച്ചിരിക്കുന്ന താരെയാണ് ?

2 മലയാളത്തിലെ ആദ്യത്തെ ജീവചരിത്ര ഗ്രന്ഥമേത് ?

3 'പ്രാചീന മലയാള ഗദ്യമാതൃകകൾ' എന്ന കൃതി എഡിറ്റു ചെയ്തതാരാണ് ?

4 'മേട മഴ ഇടമഴ' എന്ന ലേഖനം ഉൾപ്പെടുത്തിയിട്ടുള്ള കൃതിയേത് ?

5 മഹാത്മാഗാന്ധിയുടെ പിതാവാര് ?

6 ശ്മശാനത്തെ ആത്മവിദ്യാലയമായി വിശേഷിപ്പിച്ചിട്ടുള്ള ആശാൻ കൃതിയേത് ?

7 മൃഗങ്ങളെ വരുത്തി വെടിവെയ്ക്കുന്ന രീതി കേരളവർമ്മയ്ക്ക് ഉപദേശിച്ചു നൽകിയതാരാണ് ?

8 രാജൻ കാക്കനാടൻ അഭിനയിച്ച ചലച്ചിത്രമേത് ?

9 'കേരളഭാഷയുടെ വികാസപരിണാമങ്ങൾ' എന്ന കൃതിയുടെ കർത്താവാര് ?

10 മലയാള ഭാഷയിലെ ആദ്യത്തെ ഗദ്യകൃതിയേത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്കു വീതം :

11 'ഗുരുവും ശിഷ്യനും' എന്ന കൃതിയിലെ 'മാല കിട്ടി, പാലു കിട്ടിയില്ല' എന്ന ഉപശീർഷകത്തിൻെറ പൊരുളെന്ത് ?

12 ആട്ടപ്രകാരം എന്നാൽ എന്ത് ?

13 "തൻെറ വയറ്റിൽ ആടു കരയുന്നതായി തോന്നി. അല്പം ഉറങ്ങിയപ്പോൾ ജീവനുള്ള ഒരാട് മുമ്പിൽ നിൽക്കുന്നുവോ എന്നു തോന്നി"—ആർക്ക് ? എപ്പോൾ ?

14 "ആഭിജാത്യത്തിൻെറ ഈ പ്രചാരവേലയിൽ ഒട്ടാക്കെ അന്ധാളിച്ചു പോകുന്നവർ ഇക്കാലത്തുമുണ്ട്" —സൂചിതം എന്ത് ?

Turn over

15 കേരളവർമ്മയ്ക്ക് നന്നേ ചെറുപ്പത്തിൽത്തന്നെ മൃഗവധത്തിൽ താല്പര്യം ജനിയ്ക്കാൻ ഇടയാക്കിയ സന്ദർഭമേത് ?

(5 × 2 = 10 marks)

III. ഓരോന്നിനും നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം :

16 ബ്ലോഗുകൾ എന്നാലെന്ത് ? വിശദമാക്കുക.

17 ഭക്ഷണ കാര്യത്തിൽ ഗാന്ധിജിയ്ക്ക് ഇംഗ്ലണ്ടിൽ നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമായിരുന്നു ?

18 "ഈ നിലവാരത്തിൽ കലയെ കൈകാര്യം ചെയ്തിട്ടുള്ളവരിൽ ഒന്നാമനാണ് കാളിദാസൻ" —ഏതു നിലവാരത്തിൽ ? ചർച്ച ചെയ്യുക.

19 അംബരീഷോപാഖ്യാനത്തിൻെറ ഭാഷാപരമായ സവിശേഷതകൾ വിലയിരുത്തുക.

20 "ആ നിഷ്ക്കളങ്ക ഹൃദയനായ ബാലൻെറ മനോഗതം എന്നിൽ എന്തു ചേതോവികാരമാണുണ്ടാക്കിയതെന്നു പറയുവാൻ കഴിയുന്നില്ല"—സന്ദർഭവും ആശയവും വ്യക്തമാക്കുക.

21 ജ്യോഷി മഠത്തിൻെറ ചരിത്രപരമായ പ്രാധാന്യമെന്തെന്നു വിശദമാക്കുക.

22 തത്ത്വചിന്ത കൂടാതെയുള്ള കവിത ജീവനില്ലാത്ത ശരീരം പോലെ അന്തശ്ശൂന്യവും വിരസവും ആയിത്തീരുന്നുവെന്ന് പറയുന്നതെന്തുകൊണ്ട് ?

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

23 മലയാള ഭാഷയിലെ ഗദ്യസാഹിത്യത്തിൻെറ വളർച്ചയിൽ മിഷണറിമാർ നൽകിയ സംഭാവനകൾ ഏവ ? വിശദമാക്കുക.

24 കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ മൃഗയാസ്മരണകൾ സംഗ്രഹിച്ചെഴുതുക.

25 'മേട മഴ ഇടമഴ' എന്ന ലേഖനത്തിൻെറ ഭാഷാപരമായ പ്രത്യേകതകളെക്കുറിച്ച് ചർച്ച ചെയ്യുക.

26 ഇ-പ്രസാധനത്തിൻെറ സാധ്യതകളും പരിമിതികളും വിലയിരുത്തുക.

27 രാജൻ കാക്കനാടൻെറ ഹിമവാൻെറ മുകൾത്തട്ടിലേക്കുള്ള യാത്ര ഒരു തീർത്ഥാടനത്തിലുപരി സാഹസികമായ ജീവിതാന്വേഷണമാണ്—ചർച്ച ചെയ്യുക.

28 ഗാന്ധിജിയുടെ കടന്നുവരവ് ഇന്ത്യൻ സ്വാതന്ത്ര്യസമര രംഗത്തുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കുക.

(4 × 10 = 40 marks)